# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**

**Reaccredited by NAAC with 'A+'Grade**

**OFFICE OF THE PUBLIC RELATIONS**

**Kalady P.O., Ernakulam (Dist), Kerala – 683 574**

**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


05-01-2026

## പ്രസിദ്ധീകരണത്തിന്

### സംസ്കൃത സർവ്വകലാശാലയിൽ ദ്വിദിന ദേശീയ സെമിനാർ 9ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് കീഴിൽ ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ 'ശങ്കരമനീഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാർ ജനുവരി ഒൻപതിന് രാവിലെ 10.30 ന് കാലടി മുഖ്യ കാമ്പസിലുള്ള അക്കാദമിക് ബ്ലോക്ക് ഒന്നിലെ സെമിനാർ ഹാളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. സാഹിത്യ അക്കാദമിയുടെ സംസ്കൃതം ഉപദേശക സമിതി കൺവീനർ ഹരേകൃഷ്ണ സതാപതി മുഖ്യാതിഥിയായിരിക്കും. സംസ്കൃത പണ്ഡിതൻ ഡോ. സി. രാജേന്ദ്രൻ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അദ്ധ്യക്ഷയായിരിക്കും. സാഹിത്യ അക്കാദമി ഡെപ്യൂട്ടി സെക്രട്ടറി എൻ. സുരേഷ് ബാബു, രജിസ്ട്രാർ ഡോ. മോത്തി ജോർജ് എന്നിവർ പ്രസംഗിക്കും. ഡോ. കെ. കെ. സുന്ദരേശൻ, ഡോ. ബി. ചന്ദ്രിക, ഡോ. പി. വി. രാമൻകുട്ടി, ഡോ. ടി. മിനി, ഡോ. കെ. എൽ. പദ്മദാസ്, ഡോ. അജിത്കുമാർ കെ. വി., ഡോ. വി. ആർ. മുരളീധരൻ, ഡോ. കെ. എ. രവീന്ദ്രൻ, കമലാകുമാരി ആർ., ഡോ. ജെൻസി എം., ഡോ. ഇ. സുരേഷ് ബാബു, ഡോ. അംബിക കെ. ആർ, ഡോ. കെ. എം. സംഗമേശൻ, ഡോ. ധർമ്മരാജ് അടാട്ട്, ഡോ. വി. രാമകൃഷ്ണ ഭട്ട്, എസ്. ശോഭന, പി. മനോഹരൻ എന്നിവർ വിവിധ സെഷനുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പത്തിന് ഉച്ചകഴിഞ്ഞ് 2.30 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അദ്ധ്യക്ഷയായിരിക്കും. ഡോ. പി. സി. മുരളീമാധവൻ മുഖ്യാതിഥിയായിരിക്കും. സാഹിത്യ അക്കാദമിയുടെ സംസ്കൃതം ഉപദേശക സമിതി കൺവീനർ ഹരേകൃഷ്ണ സതാപതി സമാപന സന്ദേശം നൽകും. എൻ. സുരേഷ് ബാബു പ്രസംഗിക്കും.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075